കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വിവിധ ജില്ലകളിലെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തമെന്ന ആവശ്യം നിരസിച്ചു കൊണ്ടും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.443/2015, OA No.1147/2015 എന്നീ കേസുകളിലെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2280/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 19.8.2018

പരാമർശം:- 1. OA (EKM) No.443/2015, OA No.1147/2015 എന്നീ കേസുകളിലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.10.2017 ലെ പൊതു വിധിന്യായം.
2. ശ്രീമതി. സുനിതകുമാരിയുടെ 17.11.2017 ലെ നിവേദനം.
3. 07.02.2018 ലെ ഗ്രാമവികസന കമ്മീഷണറുടെ 520/2018/ എസ്റ്റാ.ഡി4/ സി.ആർ.ഡിനമ്പർ കത്ത്.
4. വിവിധ ജില്ലകളിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആയി ജോലി ചെയ്യുന്നവർ സമർപ്പിച്ച 29.12.2017 ലെ അപേക്ഷ.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ വിവിധ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് കൊണ്ട് ശ്രീമതി. സബീന കെ.എ. & ശ്രീ. സുജിത് ആർ എന്നിവർ OA 1174/15-ാം നമ്പരായും, ശ്രീമതി. ഷൈല ഇ. തങ്കച്ചൻ & ശ്രീമതി. സുനിതകുമാരി പി.എം. എന്നിവർ OA 443/2015-ാം നമ്പരായും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ കേസുകൾ ഫയൽ ചെയ്തിരുന്നു. ടി കേസുകളിലെ 23.10.2017 ലെ പൊതു വിധിന്യായത്തിൽ അംഗീകൃത തസ്തികയില്ലെന്ന കാരണത്താൽ, സ്ഥിരപ്പെടുത്താനാകില്ലെന്ന് അറിയിച്ചു കൊണ്ട് പരാതിക്കാർക്ക് അയച്ച സർക്കാർ കത്ത് കോടതി റദ്ദ് ചെയ്യുകയും അപേക്ഷകരുടെ വാദങ്ങൾ പരിഗണിക്കണമെന്ന് ഉത്തരവാകുകയും ചെയ്തു.

2) ഗ്രാമവികസന വകുപ്പിനു വേണ്ടി ഏഴു ജില്ലകളിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ / ഡാറ്റാ എൻട്രി ഓപ്പറേറ്ററായി സേവനമനുഷ്ഠിക്കുന്നവരെ മാനുഷിക പരിഗണന നൽകി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചെങ്കിലും സ്ഥിരപ്പെടുത്താവുന്നതാണെന്ന് സൂചന (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു.

3) ദാരിദ്ര്യ ലഘൂകരണ വിഭാഗം ജില്ലാ വികസന ഏജൻസിയായിരുന്ന കാലത്ത് കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശാനുസരണം സംസ്ഥാന സർക്കാരിന്റെ ഉത്തരവനുസരിച്ച് ജില്ലാ ഗ്രമവികസന ഏജൻസി ഭരണ സമിതിയുടെ അംഗീകാരത്തോടെ കമ്പ്യൂട്ടർവൽക്കരിച്ച് ഓഫീസിലെ മുഴുവൻ പ്രവർത്തനങ്ങളും സ്ഥിതിവിവരക്കണക്കുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും മറ്റുമായി ഒരു കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി യോഗതീരുമാന പ്രകാരം യോഗ്യതയുള്ള താഴെ പറയുന്ന 7 പേരെ ദിവസവേതനാടിസ്ഥാനത്തിൽ

നിയമിക്കുകയുണ്ടായി. ഓരോരുത്തരും പൂർത്തിയാക്കിയ വർഷം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു. 1)പ്രിയ ലക്ഷ്മി. എസ്.പി,തിരുവനന്തപുരം (15 വർഷം), 2)ഇഷാൻ താരിഖ് എം, കൊല്ലം,(16 വർഷം), 3)ഷൈല തങ്കച്ചൻ,ഇടുക്കി( 20 വർഷം),4)ആർ.സുജിത്,ആലപ്പുഴ (17 വർഷം), 5) കെ.എ. സെബീന,തൃശ്ശൂർ(21 വർഷം), 6)അനിത് കുമാർ ചാത്തോത്ത്,മലപ്പുറം(20 വർഷം), 7)പി.എം. സുനിതകുമാരി, കോഴിക്കോട്, (20 വർഷം). ടി ഏഴുപേരും തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് സൂചന (4) പ്രകാരം സർക്കാരിനോടപേക്ഷിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15 വർഷത്തിനുമേൽ ദിസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരെ മറ്റ് പല വകുപ്പുകളിലും ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ അനുവദിച്ച തസ്തികയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തിക ഉൾപ്പെടുന്നില്ല. താൽക്കാലികജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച State of Karnataka Vs. Umadevi കേസിലെ 10/04/2006- ലെ വിധി ഒരു അംഗീകൃത നടപടിക്രമം പാലിച്ച് (against a sanctioned post, requisite qualification, procedure prescribed for appointment, as referred in Judgement ) നിയമനം നടത്തുന്നതും ദിവസ വേതനാടിസ്ഥാനത്തിൽ സർവ്വീസ്സിൽ പ്രവേശിക്കുന്ന ജീവനക്കാരെ Public Service-ൽ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് പുറപ്പെടുവിച്ചതാണ്. മേൽ പ്രസ്താവിച്ച വിധിയുടെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ റഗുലർ തസ്തികകളിൽ സ്ഥിരപ്പെടുത്തുന്ന കാര്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ പ്രസ്തുത ആവശ്യത്തിനു വേണ്ടി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനോ ടിയാളുകളുടെ സേവനം ക്രമവത്കരിക്കുവാനോ സാധിക്കുകയില്ല.

5) മേൽ സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ റഗുലർ തസ്തികകളിൽ സ്ഥിരപ്പെടുത്തുന്ന വിഷയം നിയമപരമായി അംഗീകരിക്കുവാൻ നിർവ്വാഹമില്ലായെന്നും പ്രസ്തുത ആവശ്യത്തിനു വേണ്ടി സൂപ്പർ ന്യൂമററിതസ്തികകൾ സൃഷ്ടിക്കുവാനാകില്ലെന്നും ടിയാളുകളുടെ സേവനം ക്രമവത്കരിക്കാനാവുകയില്ലായെന്നും അറിയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനി. എം.ആർ.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ് എ/ഇ &ആർ എസ് എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , ഡി.ആർ.ഡി.എ (ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ധനകാര്യ വകുപ്പ് (ഡെവ-2/35/2018/-ധന തീയതി, 28.03.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.